മി. സ്പീക്കർ : സി. എം., കേന്ദ്രാനുമതിക്കുവേണ്ടി കാത്തിരിക്കേണ്ട കാര്യ ല്ല. സ്ഥലം അക്വിസിഷൻ നടത്തിക്കൂടെ ? ക്യാപ്റ്റൻ നായർ അങ്ങയുടെയും ശ്രദ്ധയിൽ പ്പെടുത്തി എന്നു പറഞ്ഞു. അവർ തയ്യാറായിട്ട് വരുമ്പോൾ നമ്മൾ സ്ഥല ലഭ്യമാക്കാൻവേണ്ടി ഇനിയും സമയം കൊടുക്കണമോ ? തത്വത്തിൽ അംഗീകരിച്ചുവെങ്കിൽ അക്വിസിഷൻ നടത്തിക്കൂടെ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : കണ്ണൂർ ജില്ലയിൽ നിന്നുള്ള എം.എൽ.എ മാരേയും ബി.ഒ.ടി.-യിൽ എടുക്കാം എന്നു പറഞ്ഞിട്ടുള്ള കൃഷ്ണൻ നായരേയു കൂടി വിളിച്ച് ഒരു ചർച്ച നടത്തി. കാരണം നമ്മൾ ലാന്റ് അക്വയർ ചെയ്ത കഴിഞ്ഞതിനുശേഷം മുമ്പോട്ട് പോകാൻ പറ്റാത്ത ഒരു സ്ഥിതിവിശേഷം വന്ന കഴിഞ്ഞാൽ അത് ഒരു വലിയ പ്രതിസന്ധിയായിരിക്കും. അതുകൊണ്ട് നമുക്ക അതിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം എങ്ങനെ മുന്നോട്ട് പോകാൻ സാധിക്ക മെന്നുള്ളതിന് വ്യക്തമായ ഒരു ധാരണയുടെ അടിസ്ഥാനത്തിലെ ഇനി മുന്നോ പോകാൻ സാധിക്കു. അതുകൊണ്ട് ഈ അസംബ്ലി സമ്മേളനത്തിന് ഇടയ്ക്കുതന കണ്ണൂർ ജില്ലയിൽ നിന്നുള്ള എല്ലാ എം.എൽ.എ.മാരേയും എം.പി.മാരേയും ഇതിന വേണ്ടി മുന്നോട്ട് വന്നിട്ടുള്ള ഈ കമ്മിറ്റിക്കാരെയും ഒന്നിച്ച് വിളിച്ച് സംസാരിച്ചശേഷ അനന്തര നടപടികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

(3) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. എ. സി. ഷൺമുഖദാസ് : കുത്തനെയുള്ള വിലയിടിവും മഞ്ഞളി മഹാ രോഗങ്ങൾമൂലമുള്ള കൃഷിനാശവും ഉല്പാദനക്ഷമതയിൽ വന്ന കുറവും, ഉല്പാദ ചെലവിന്റെ വർദ്ധനവും എല്ലാമായി കേരളത്തിലെ ലക്ഷക്കണക്കിന് അടയ്ക്കാ കർഷക അനുഭവിക്കുന്ന ദുരിതം വേണ്ടത്ര ഗൗരവത്തോടുകൂടി നമുക്ക് എടുക്കാൻ കഴിഞ്ഞ എന്നു സംശയമുണ്ട്. അതുകൊണ്ടാണ് ഇക്കാര്യം ഞാനിവിടെ അവതരിപ്പിച്ചത കേരളത്തിന്റെ വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാ മലപ്പുറം, പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ പ്രദേശം തൃശ്ശൂർ ജില്ലയുടെ പടിഞ്ഞാറ പ്രദേശം എന്നിവിടങ്ങളിലൊക്കെ ലക്ഷക്കണക്കിന് കർഷകർ അവലംബിക്കുന്ന ഒ വരുമാന മാർഗ്ഗമായിരുന്ന അടയ്ക്കക്ക് 1968-ൽ ഒരു കിലോഗ്രാമിന് 161 രൂപ ഉണ്ടായിരുന്ന അതിപ്പോൾ കുത്തനെ ഇടിഞ്ഞ് 40-45 രൂപയായി താണിരിക്കുന്നു. ഗവൺമെന്റിന ഔദ്യോഗിക സ്ഥിതിവിവര കണക്ക് അനുസരിച്ച് അന്നുണ്ടായിരുന്ന ഉല്പാദ ചെലവ് ഒരു ഏക്കറിന് 3000 രൂപയായിരുന്നെങ്കിൽ ഇന്നത് 6000 രൂപയായി വർദ്ധി രിക്കുന്നു. എട്ടാം പദ്ധതിയിൽ ഈ കേട് വരുന്ന കവുങ്ങ് മുറിച്ചു മാറ്റാ ചുരുങ്ങിയത് 100 രൂപയെങ്കിലും കൊടുക്കാൻ പദ്ധതിയിൽ പണം ഉണ്ടായിരുന്ന ഒമ്പതാം പദ്ധതി പൂർണ്ണമായി മാറ്റിവെച്ചു. ഇപ്പോൾ പത്താം പദ്ധതിയുടെ ചർ നടക്കുകയാണ്. കേന്ദ്ര കൃഷിവകുപ്പ് അടയ്ക്കാ കൃഷിയെ സംബന്ധിച്ചിടത്തോള ഈ അടുത്ത കാലത്ത് ചില തീരുമാനങ്ങൾ എടുത്തു. ചെറിയ സംഖ്യ സംസ്ഥാ ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം കർണ്ണാടകയിലെ സമരത്തിന്റെ ഭാഗമായി 75 ശതമാനത്തിൽ നിന്നു 100 ശതമാനമായി ഉയർത്ത

LIBRARY ARCHIVES Kerala Legislative Assembly

വിടുത്തെ ഇറക്കുമതിയാണെങ്കിൽ 30,000-31,000 ടണ്ണിൽ നിൽക്കുകയാണ്. ഒരു ലക്ഷം ണ്ടായിരുന്ന അടയ്ക്കയുടെ ഉല്പാദനം ഇന്ത്യയിൽ പ്രത്യേകിച്ച് ർണ്ണാടകയിലും മറ്റ് സംസ്ഥാനങ്ങളിലും വർദ്ധിച്ചതിന്റെ ഫലമായി നാല് ലക്ഷമായി ർദ്ധിച്ചിരിക്കുകയാണ്. ഇതൊക്കെ വരുമ്പോൾ പത്താം പദ്ധതിയുടെ വിശദീകരി ുള്ള ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്ന ഈ വേളയിൽ അടയ്ക്കാ ർഷകർക്ക് അനുകൂലമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ തിനുവേണ്ടി രണ്ട് സമിതികൾ രൂപീകരിച്ചു എന്ന വാർത്ത കണ്ടു. മെല്ലപ്പോക്ക് നയമാണ് ീകരിക്കുന്നതെങ്കിൽ പദ്ധതി തീരുമാനംകൂടി എടുക്കുമ്പോൾ നമ്മുടെ ഗൗരവ ശ്നം അവതരിപ്പിക്കപ്പെടാതെ പോകും. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റും ഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചുകൊണ്ട് കരളത്തിന്റെ വടക്കൻ മേഖലയിലെ കൃഷിക്കാർക്ക് സ്വല്പം ആശ്വാസം പകരാൻ റ്റുന്ന രീതിയിൽ അടയ്ക്കാ കൃഷിയെ സഹായിക്കാനും വിലവർദ്ധിപ്പിക്കുന്നതിനു ണ്ടിയുമുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോൾ കാംപ്കോ പ്രൊക്യൂർമെന്റ് ടത്തുന്നുണ്ട്. 10 രൂപയാണ് അധികം കൊടുക്കുന്നത്. അത് 50 രൂപയെങ്കിലുമാക്കി ധിക വർദ്ധനവ് ഉണ്ടാക്കി കാംപ്കോയുടെ പ്രൊക്യൂർമെന്റിന് ഗവൺമെന്റു ന്നെ സബ്സീഡി കൊടുക്കുന്ന രീതിയിലുള്ള നടപടിക്ക് പോയില്ലെങ്കിൽ അടയ്ക്കാ ൃഷിക്ക് ദുരിതം ഉണ്ടാകും. ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കുമെന്നു ഞാൻ വിശ്വസി ുന്നു. ഞാനിത് അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : ർ, അടയ്ക്കാ കർഷകരെ സഹായിക്കൻവേണ്ടി കാംപ്കോയെ കൊണ്ട്, മെമ്പർ റഞ്ഞതുപോലെ 10 രൂപ അധികം വില കൊടുത്തുകൊണ്ട് അടയ്ക്ക സംഭരിക്കു തിനുള്ള നടപടികൾ രണ്ട് മാസങ്ങൾക്കുമുമ്പ് തുടങ്ങിക്കഴിഞ്ഞു. അടയ്ക്കാ ടുക്കുന്നതിലേക്കായി സംസ്ഥാന വൺമെന്റിനോട് കാംപ്കോ ആവശ്യപ്പെട്ട കോടി രൂപ കൊടുത്തു. 10 കോടിരൂപ അതിലേക്ക് നീക്കി വച്ചിട്ടുമുണ്ട്. 50 രൂപ ീതം അധികം കൊടുക്കണമെന്നു പറയുന്നത് പരിശോധിക്കാം എന്നല്ലാതെ പൈസ ിട്ടിയാൽ മാത്രമേ അത് കൊടുക്കാൻ പറ്റുകയുള്ളു. വിലക്കുറവ് വന്നതിന്റെ അടിസ്ഥാ ത്തിൽ കുരുമുളക്, കാപ്പി, അടയ്ക്കാ, നെല്ല് ഇത്രയും ഉല്പന്നങ്ങൾ മാർക്കറ്റിൽ ംഭരണത്തിന് ഗവൺമെന്റ് നടപടികൾ എടുക്കുന്നുണ്ട്. ഇതുതന്നെ വളരെ പ്രയാസ പ്പെട്ടു നടത്തുന്നതാണ്. അതുകൊണ്ട് 50 രൂപ എന്നുള്ളത് ആലോചിച്ചു നോക്കാം. ുന്നല്ലാതെ നടപ്പിലാക്കാൻ പറ്റുമെന്നുതോന്നുന്നില്ല. സാധിക്കുമെങ്കിൽ ചെയ്യാമെന്നു ാത്രമേ പറയാൻ പറ്റുകയുള്ളൂ. ഉറപ്പ് പറയാൻ സാധിക്കില്ല. കമുകിനെ റിച്ചാണെങ്കിൽ കമുകിനെ ബാധിച്ചിരിക്കുന്ന മഞ്ഞളിപ്പ് രോഗം തുടങ്ങിയിട്ട് അനേകം ർഷങ്ങളായി. മഞ്ഞളിപ്പ് രോഗത്തിന് പ്രതിവിധിയില്ലെന്നാണ് ശാസ്ത്രജ്ഞൻമാർ റയുന്നത്. ഈയടുത്ത കാലത്ത് മുഖ്യമന്ത്രി ഈ പ്രദേശങ്ങൾ സന്ദർശിക്കുന്നതിന് ടയാകുകയും മഞ്ഞളിപ്പുരോഗത്തിന്റെ ഗൗരവസ്ഥിതി മനസ്സിലാക്കുന്നതിന് ാസ്ത്രജ്ഞൻമാരെ വിളിച്ചു കൂട്ടുകയും ചർച്ച ചെയ്യുകയും ഒക്കെ ചെയ്തതിന്റെ ലമായി പുതിയതായി ഗവേഷണം നടത്തി നോക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ ടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാല ഇതിനായിട്ട് പ്രത്യേകം കമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ച് പുനരന്വേഷിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ തുടങ്ങിയിരിക്കുകയാ ആ സ്ഥിതിക്ക് ഇത് ചെയ്യുന്നതിനുള്ള നടപടികൾ എടുക്കാൻ തീരുമാന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം അടയ്ക ഉപയോഗം കൃാൻസർ ഉണ്ടാക്കുന്നതിന് കാരണമാകുന്ന ഒരു ഉല്പന്നമാണെന്നാ തൃശ്ശൂർ ജില്ലയിൽ അടുത്തകാലത്ത് കരുകുകൃഷിക്കാരുമായി സംസാരിച്ചപ്പോ മനസ്സിലാക്കിയത് റീ-പ്ലാന്റിംഗിന് നടപടികൾ എടുക്കുന്നതിൽ താല്പര്യമില്ലെന്നാ എന്നാലും ഗവൺമെന്റ് ഇപ്പോൾ റീ-പ്ലാന്റിംഗ് തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത മുഴുവൻ മഞ്ഞളിപ്പ് രോഗ ബാധിതമായിട്ടുള്ള കരുകുകളും വെട്ടി മാറ്റി രോഗപ്രതിര ധശക്തിയുള്ള പുതിയ ഇനം കരുകിൻതൈകൾ നട്ടു വളർത്തുന്നതിനാവശ്യമായ കേന്ദ്ര പ്രോജക്റ്റ് സഹായത്തിന് സമർപ്പിക്കാൻ ഉണ്ടാക്കുന്നുണ്ട്. ഈ പ്രോജ കേന്ദ്രത്തിന് അയച്ച് സഹായം അഭ്യർത്ഥിക്കുന്നതാണ്.

(4) ചീക്കോട് ജലവിതരണ പദ്ധതി

ശ്രീ. ഇസ്ഹാക് കുരിക്കൾ: കേരളത്തിലെ ഏറ്റവും വിസ്തീർണ്ണമുള്ള ചീക്കോ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയു ശ്രദ്ധ ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ജലനിധി പദ്ധതിയുടെ പേര് കേരളത്തിൽ ഉടനീളം ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന വലിയ ഗുണം ചെയ്യുന്ന ജലസേചന വകുപ്പ് മന്ത്രിയാണ്. ഈ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയു ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. 1996-ൽ എ.എസ്. ലഭിച്ച 2,500 ലക്ഷം രൂപ്പിക ചെലവഴിച്ച ഈ സ്കീമിൽ ഒരു കിണറിന്റെ പണ പൂർത്തീകരിക്കാത്തതുകൊണ്ട് ആ പഞ്ചായത്തിൽ വെള്ളം കൊടുക്കുവൻ കഴിഞ്ഞിട്ട ചില പഞ്ചായത്തുകൾ ഈ സ്കീമിൽ നിന്ന് മാറി വേറെ സ്കീമിലേക്ക് പോയതിന ഫലമായി ഇന്ന് അതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ചാലിയാറിന തീരത്താണ് ചീക്കോട് പഞ്ചായത്ത്. ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്. Water, wa every where, not a drop to drink ഇതാണ് ഇന്ന് ചീക്കോട് പഞ്ചായത്തിലെ സ്ഥിത വെള്ളം വെള്ളം സർവ്വത്ര വെള്ളം തുള്ളി കുടിപ്പാനില്ലത്രെ. ജലനിധി നടത്തിക്കൊ അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് വെള എത്തിക്കാമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. കേരളത്തിലെ ഏറ്റവും വലി പഞ്ചായത്തായ ചീക്കോടിനോട് എന്താണ് അവഗണനയ്ക്ക് കാരണം എന്ന് അറിയി കിണറിന്റെ പണി പൂർത്തിയാക്കിയാൽ വെള്ളം കൊടുക്കാൻ കഴിയുമെ ഉദ്യോഗസ്ഥൻമാർ എന്നോട് പറഞ്ഞു. പമ്പ് ഹൗസിന്റെയും ടാങ്കിന്റെയും എല്ല പണികളും പൂർത്തിയായിക്കഴിഞ്ഞു. ഇനി കിണറിന്റെ പണി മാത്രമ പൂർത്തിയാക്കാനുള്ളൂ. ഇത് എത്രയും പെട്ടെന്ന് പൂർത്തിയാക്കി പാവപ്പെട്ട ജനങ്ങൾക്ക വെള്ളം എത്തിക്കാനുള്ള സത്വര നടപടികൾ നടത്തണമെന്ന് വളരെ താഴ്മയോടുകൂ അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ച രാധാകൃഷ്ണൻ): അങ്ങ് ഉന്നയിച്ച ചീക്കോട് പദ്ധതി വളരെ പ്രാധാന്യം അർഹിക്കു ഒന്നാണ്. ഈ പദ്ധതി വളരെ വിപുലമായ ഒരു പദ്ധതിയാണ്. എൽ.ഐ.സ

LIBRARY ARCHIVES Kerala Legislative Assembly